33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

117 (3518)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട്ടിൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പെരുനാട് മാർക്കറ്റിന് സമീപം നേരത്തെ ഏറ്റെടുക്കാൻ ഉദ്ദേശിച്ച സ്ഥലം മാറ്റി പൂവത്തുംമൂടിന് സമീപം സ്ഥലം ഏറ്റെടുക്കാൻ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥലം ഏറ്റെടുക്കാൻ എത്ര സമയം വേണ്ടിവരും;

(ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി സബ്സ്റ്റേഷൻ നിർമ്മാണം ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നി-പെരുംനാട്ടിൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ഷെഡ്യൂൾ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ഏറ്റെടുക്കാനുള്ള റിക്വിസിഷൻ ഡെപ്യൂട്ടി കളക്ടർക്ക് അയച്ചിട്ടുണ്ട്.

(ഡി) കളക്ടറുടെ ഉത്തരവ് ലഭ്യമായാൽ ഉടനെ സ്ഥലം എടുത്ത് പണി ആരംഭിക്കുന്നതാണ്.

മണിയാർ കാർബോറാണ്ടം കമ്പനി

118 (3519)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ കാർബോറാണ്ടം കമ്പനിയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സർക്കാർ അനുമതി നൽകിയപ്പോൾ വൈദ്യുതി ബോർഡുമായി ഉണ്ടാക്കിയ കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) എത്രവർഷത്തേയ്ക്കാണ് ഉല്പാദനത്തിന് കരാർ നൽകിയിരുന്നത്;

(സി) അണക്കെട്ടിന്റെ ചുമതല ഇപ്പോൾ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

(ബി) പദ്ധതികമ്മീഷൻ ചെയ്ത തീയതി മുതൽ 30 വർഷത്തേയ്ക്ക്.

(സി) ഇറിഗേഷൻ വകുപ്പിൽ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly